KSEB

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

നം. പി.എസ്.1 (ബി)/കോവിഡ്-19/മുൻകരുതൽ/ 2020 തീയതി: 14.05.2021

## പരിപത്രം

വിഷയം : സാർവ്വത്രിക കോവിഡ് - 19 വാക്സിനേഷൻ - വാക്സിൻ ചലഞ്ച് - KSEBL ജീവനക്കാരുടെയും, പെൻഷൻകാരുടെയും പങ്കാളിത്തം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :
1) സ.ഉ (അച്ചടി) നം.53/2020/ധന തീയതി 30.04.2020.
2) ഓഫീസ് ഓർഡർ (CMD) നം.699/2020 (പി.എസ്.1 (ബി)/69/2019 തീയതി 02.05.2020.
3) സ.ഉ (അച്ചടി) നം.43/2021 /ധന തീയതി 20.02.2021.
4) സർക്കാർ പരിപത്രം നം. 20/2021/ധന തീയതി 04.03.2021.
5) സി.എം.ഡി യുടെ ഓഫീസ് ഉത്തരവ് നം. 542/2021/എഫ്.എ/എ.എ/ ഡെഫേർഡ് സാലറി /2020 തീയതി 26.04.2021.
6) ബഹു. വൈദ്യുതി വകുപ്പ് മന്ത്രി 29/04/2021 – ന് വിളിച്ച ചേർത്ത തൊഴിലാളി സംഘടനാ പ്രതിനിധികളുടെയും ഓഫീസർ സംഘടനാ പ്രതിനിധികളുടെയും ഓൺലൈൻ മീറ്റിംഗിന്റെ അംഗീകൃത മിനുട്സ്.
7) കെ.എസ്.ഇ.ബി പെൻഷനേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 30.04.2021 ലെ കത്ത്.

കോവിഡ് - 19 മഹാമാരിയുടെ വ്യാപനം മൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള പ്രതിമാസ ശമ്പളത്തിന്റെ 25% വരെ താൽക്കാലികമായി വിതരണം ചെയ്യാതെ മാറ്റിവെക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് മേൽ സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാക്കിയതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചന (2) പ്രകാരം KSEBL ജീവനക്കാരുടെ 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള കാലയളവിലെ പ്രതിമാസ ശമ്പളത്തിൽ നിന്നും ആറ് ദിവസത്തെ ശമ്പളം വീതം വിതരണം ചെയ്യാതെ മാറ്റിവച്ചിരുന്നു.

മേൽ സൂചന (3) സർക്കാർ ഉത്തരവും സൂചന (4) സർക്കാർ പരിപത്രവും മുഖേന, സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ ജീവനക്കാരിൽ നിന്നും വിതരണം ചെയ്യാതെ മാറ്റിവച്ച ശമ്പളം, അഞ്ച് മാസ തവണകളായി വിതരണം ചെയ്യുവാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ, KSEBL ജീവനക്കാർക്ക് 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ വിതരണം ചെയ്യാതെ താത്ക്കാലികമായി മാറ്റിവച്ചിരുന്ന തുക അഞ്ച് മാസ തവണകളായി 2021 ഏപ്രിൽ മുതൽ വിതരണം ചെയ്യുവാൻ സൂചന (5) പ്രകാരം ഉത്തരവായിരുന്നു.

ഇപ്രകാരം തിരികെ ലഭിക്കുന്ന തുക ജീവനക്കാർ ആഗ്രഹിക്കുന്നപക്ഷം മുഴുവനായോ ഭാഗികമായോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് (CMDRF) ലേക്ക് സംഭാവന ചെയ്യാവുന്നതാണ്. അപ്രകാരം സംഭാവന നൽകുവാൻ ആഗ്രഹിക്കുന്ന ജീവനക്കാർ അക്കാര്യം ബന്ധപ്പെട്ട ARU മേധാവികളെ അറിയിക്കേണ്ടതാണ്. ജീവനക്കാർ നിർദ്ദേശിക്കുന്ന തുകയോ ഗഡുക്കളോ ബന്ധപ്പെട്ട ARU കൾ CMDRF ലേക്ക് കുറവു ചെയ്യേണ്ടതാണ്.

സംസ്ഥാനത്ത് കോവിഡ് - 19 രണ്ടാം ഘട്ട വ്യാപനം അനിയന്ത്രിതമായി തുടരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച സാർവ്വത്രിക സൗജന്യ വാക്സിനേഷൻ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി രൂപംകൊടുത്ത 'വാക്സിൻ ചലഞ്ച് ' പരിപാടിയിൽ KSEBL ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട് തൊഴിലാളി സംഘടനകളുടെയും ഓഫീസർ സംഘടനകളുടെയും ഒരു ഓൺലൈൻ മീറ്റിംഗ് ബഹു വൈദ്യുതി വകുപ്പ് മന്ത്രി 29.04.2021 ന് വിളിച്ചുചേർക്കുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ ബഹു. ഭൂരിപക്ഷം സംഘടനകളും ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു ദിവസത്തെ ശമ്പളത്തിൽ കുറയാത്ത തുക വാക്സിൻ ചലഞ്ചിലേക്ക് സംഭാവനയായി നൽകുവാൻ തയ്യാറാണെന്ന് അറിയിച്ചു

KSEB പെൻഷനേഴ്സ് അസോസിയേഷൻ തങ്ങളുടെ അംഗങ്ങൾ ഒരു ദിവസത്തെ പെൻഷന് തുല്യമായ തുക, 2021 ജൂൺ മാസത്തെ പെൻഷനിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിധാശ്വാസ നിധിയിലേക്ക് (CMDRF) സംഭാവനയായി നൽകുവാൻ തായ്യാറാണെന്ന് സൂചന (7) കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിധാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും ഒരു ദിവസത്ത ശമ്പളവും, പെൻഷൻകാരിൽ നിന്നും ഒരു ദിവസത്തെ പെൻഷനും മുതൽക്കൂട്ടുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജീവനക്കാരുടെയും ഉദ്യോഗസ്ഥരുടെയും 2021 മെയ് മാസത്തെ ശമ്പളത്തിൽ നിന്നും ഒരു ദിവസത്തെ ശമ്പളത്തിൽ കുറയാത്ത തുക CMDRF ലേക്ക് സംഭാവന നൽകേണ്ടതാണ്.

2) ഒരോ ജീവനക്കാരുടേയും നിലവിലെ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവ അടിസ്ഥാനമാക്കി ഒരു ദിവസത്തെ വേതനം കണക്കാക്കേണ്ടതും പെൻഷൻകാരുടെ അടിസ്ഥാന പെൻഷൻ, Dearness relief എന്നിവ അടിസ്ഥാനമാക്കി ഒരു ദിവസത്തെ പെൻഷനും കണക്കാക്കാവുന്നതാണ്.

3) ഒന്നിലധികം ദിവസത്തെ വേതനം CMDRF ലേക്ക് സംഭാവന നൽകുവാൻ താൽപര്യമുള്ള ജീവനക്കാർ അക്കാര്യം 2021 മേയ് 21 ന് മുമ്പായി ശമ്പള വിതരണ ARU കളിൽ അറിയിക്കേണ്ടതാണ്.

4) മുഖ്യന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകുന്ന തുകയ്ക്ക് ഇൻകംടാക്സ് ഇളവ് (Section 80 G) ലഭിക്കുന്നതായിരിക്കും.

5) സർവ്വീസ് / കുടുംബ പെൻഷൻകാരുടെ 2021 ജൂൺ മാസത്തെ പെൻഷനിൽ നിന്നും ഒരു ദിവസത്തെ പെൻഷൻ CMDRF ലേക്ക് കുറവ് ചെയ്യാവുന്നതാണ്.

6) ഒന്നിലധികം ദിവസത്തെ പെൻഷൻ സംഭാവയായി നൽകുവാൻ താൽപര്യമുള്ള പെൻഷൻകാർ അക്കാര്യം 2021 മെയ് 21 ന് മുമ്പായി പെൻഷൻ വിതരണം ചെയ്യുന്ന സെക്ഷനിൽ അറിയിക്കേണ്ടതാണ്.

സംസ്ഥാന സർക്കാരിന്റെ സാർവ്വത്രിക സൗജന്യ കോവിഡ് - 19 വാക്സിനേഷൻ എന്ന മഹത്തായ ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനും, KSEBL ജീവനക്കാരുടെയും പെൻഷൻകാരുടെയും സാമൂഹിക പ്രതിബദ്ധതയും മാനവികതയും ഉയർത്തിപ്പിടിക്കുന്നതിനും എല്ലാ ജീവനക്കാരുടെയും പെൻഷൻകാരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഒപ്പ്
സെക്രട്ടറി (ഭരണം)

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ
ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
സി.എ.ടു. സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്